# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1821 — 06.07.2015 ൽ മറുപടിയ്ക്ക്

**കുട്ടികൾ/സ്ത്രീകൾ/വൃദ്ധർക്കെതിരെയുണ്ടായ കുറ്റകൃത്യങ്ങൾ**

**ചോദ്യം**

ശ്രീമതി.കെ.എസ്.സലീഖ

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ക്രൈം റിക്കാർഡ്സ് ബ്യൂറോ കണക്കുപ്രകാരം എത്ര കുട്ടികൾ/സ്ത്രീകൾ/വൃദ്ധർ/കുടുംബങ്ങൾ എന്നിവർ പീഡനം, മോഷണം, വധശ്രമം, കൊലപാതകം എന്നിവയ്ക്ക് ഇരകളായി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇത്തരം ക്രൂരകൃത്യങ്ങൾക്കു ഇരകളായവരുടെ കേസുകളിൽ എത്രയെണ്ണത്തിൽ പ്രതികളെ പിടികൂടി; എത്ര കേസുകളിൽ പ്രതികളെ പിടികൂടാനുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ പ്രതികളായവരിൽ അന്യസംസ്ഥാന തൊഴിലാളികൾ ആരെല്ലാം; പോലീസ്/സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം; മറ്റു പ്രതികൾ ആരെല്ലാം; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) 2011-12 മുതൽ ഓരോ വർഷവും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള കുട്ടികളുടെ കടത്ത് വർദ്ധിച്ചു വരുന്നതു പരിശോധിച്ചുവോ; എങ്കിൽ എന്തു ആവശ്യങ്ങൾക്കാണ് കുട്ടികളെ കടത്തിക്കൊണ്ടു വരുന്നതെന്നും, ഇതു തടയാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) 2011 മുതൽ 2015 മെയ് 31 വരെ കുട്ടികൾ/സ്ത്രീകൾ/വൃദ്ധർ/കുടുംബങ്ങൾ എന്നിവർക്കെതിരെ പീഡനം, മോഷണം, വധശ്രമം, കൊലപാതകം എന്നിവയുടെ വർഷം തിരിച്ചുള്ള എണ്ണം ജില്ല തിരിച്ച് **അനുബന്ധം-എ** ആയി ചേർത്തിരിക്കുന്നു.

(ബി) ഈ കാലയളവിൽ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് ഇരകളായവരുടെ കേസുകളിൽ 54783 പ്രതികളെ പിടികൂടി. 6260 പ്രതികളെ ഇനി പിടികൂടാനുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം-ബി** ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത കേസുകളിൽ പ്രതികളായവരിൽ അന്യസംസ്ഥാന തൊഴിലാളികൾ, പോലീസ്/സർക്കാർ ഉദ്യോഗസ്ഥർ, മറ്റു പ്രതികൾ എന്നിവരുടെ ജില്ല തിരിച്ചുള്ള വിശദാംശം **അനുബന്ധം-സി** ആയി ചേർത്തിരിക്കുന്നു.

(ഡി) 2011 മുതൽ 2014 വരെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള കുട്ടികളുടെ കടത്തിനെ സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | 2011 | 2012 | 2013 | 2014 |
|---|---|---|---|---|
| എറണാകുളം റൂറൽ | 0 | 0 | 1 | 0 |
| വയനാട് | 1 | 2 | [illegible] | 1 |
| റെയിൽവേ | 2 | 0 | 0 | 0 |

2011 മുതൽ 2014 വരെയുള്ള ഓരോ വർഷത്തേയും കണക്കുകൾ പരിശോധിച്ചതിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള കുട്ടികളുടെ കടത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ